10/2/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**C.P.672(2)/2017/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No.7839/SIC-G6/2017**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. കെ.വി. ഷാജി,<br>ഹവ്വ മഹൽ,<br>പലോറ ക്ഷേത്രം റോഡ്,<br>തലക്കുളത്തൂർ പി.ഒ.,<br>കോഴിക്കോട്-17 | പരാതി ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ<br>(ഹയർ സെക്കന്ററി) ഓഫീസ്,<br>കോഴിക്കോട്-673 003<br><br>2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>സി.എം.എം. ഹയർ സെക്കന്ററി സ്കൂൾ,<br>തലക്കുളത്തൂർ പി.ഒ.,<br>കോഴിക്കോട്-673 317 | എതിർകക്ഷി |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2018 ജനുവരി മാസം 04-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന Smt. Fathima Hanna Hagar A.B. നൽകിയ വിശദീകരണം തൃപ്തികരമല്ല. ഒന്നാം എതിർകക്ഷി 28.02.2017 തീയതിയിൽ രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറിയ അപേക്ഷയ്ക്ക് 08.04.2017 തീയതിയിലാണ് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതെന്ന് കമ്മീഷന് ബോധ്യമാകുന്നു.

(മറുപുറം)

വകുപ്പ് 7(1), 7(3) പ്രകാരമുള്ള സമയപരിധിയോ, നടപടിക്രമമോ ഒന്നുംതന്നെ രണ്ടാം എതിർകക്ഷി പാലിച്ചിട്ടില്ല. അതിനാൽ ടിയാളെ ശിക്ഷിക്കുവാനും, ശിക്ഷയായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) പിഴയിനത്തിൽ Smt. Fathima Hanna Hagar A.B. -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന Smt. Fathima Hanna Hagar A.B. 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്നകാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതും കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2023 ജനുവരി മാസം 31 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

dp